ആവശ്യപ്പെട്ടിട്ടും ആ പ്രവൃത്തി അദ്ദേഹം രണ്ടാമത് ചെയ്തിട്ടില്ല. അദ്ദേഹത്തെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് പണി പെട്ടെന്ന് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതോടൊപ്പംതന്നെ അദ്ദേഹം സൂചിപ്പിച്ച റോഡ് traffic worthy ആക്കാനുള്ള നടപടിയും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

18. മൂന്നാർ ബൈപ്പാസ്

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, എല്ലാ സ്ഥലങ്ങളിൽനിന്നുള്ള ആളുകളും വന്നുപോകുന്ന മൂന്നാർ ഒരു വിനോദസഞ്ചാര മേഖലയാണ്. മൂന്നാർ ബൈപ്പാസിന്റെ കാര്യം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ റീ-ടാറിംഗ് നടത്തേണ്ട റോഡുകൾപോലും നന്നാക്കിയിട്ടില്ല. ഡി.ഡി.സി.-യിൽപ്പോലും പല പ്രാവശ്യം വന്നിട്ടും അത് ഇതുവരെ നന്നാക്കിയിട്ടില്ല. ആ സാഹചര്യത്തിൽ വളരെയധികം യാത്രാക്ലേശമുള്ളതും വരുന്ന സഞ്ചാരികൾക്ക് അസ്വസ്ഥതയുണ്ടാക്കുന്നതും അസൗകര്യമുള്ളതുമാണ് മൂന്നാർ ടൗണിനകത്തുള്ള സിംഗിൾ റോഡ്. അത്തരത്തിൽ ഒരു ബൈപ്പാസ് റോഡ് ആവശ്യപ്പെടുകയും അത് ബഡ്ജറ്റിൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങേയ്ക്ക് ഇതെല്ലാം ബോധ്യമുള്ളതാണ്. അവിടെ സ്ഥലത്തിന്റെ യാതൊരു പ്രശ്നവുമില്ല. മൂന്നാറിൽ വരുന്നവർക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുക എന്നുള്ള ദൗത്യം നമുക്കുള്ളതുകൊണ്ട് അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്നും ബൈപ്പാസ് റോഡ് നിർമ്മാണം പാലമടക്കം നടത്തണമെന്നുമാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ബഹുമാനപ്പെട്ട എസ്. രാജേന്ദ്രൻ എം.എൽ.എ. ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മൂന്നാർ ബൈപ്പാസിന്റെ പ്രൊപ്പോസൽ ഇതുവരെ നാഷണൽ ഹൈവേ അതോറിറ്റി അംഗീകരിച്ചിട്ടില്ല. പക്ഷേ ആ ബൈപ്പാസിന്റെ പ്രയോജനം കിട്ടുന്ന വിധത്തിലുള്ള ചില വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുകയാണ്. അതനുസരിച്ച് ഇപ്പോൾ അപ്രോച്ച് റോഡുകൾ വീതി കൂട്ടുന്നതിനുള്ള ജോലികൾ ഉൾപ്പെടുത്തിക്കൊണ്ട് എൻ.എച്ച്-49 ബോഡിമെട്ട് മുതൽ പെരിയകനാൽവരെ വികസിപ്പിക്കുന്നതിന് 95 കോടി രൂപയുടെ എസ്റ്റിമേറ്റ് 13-1-2014-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടോൾ പ്ലാസയുടെ സ്ഥാനം അറിയിക്കാത്തതിനാൽ നമുക്ക് അതിന് അനുമതി ലഭിച്ചിട്ടില്ല. ഈ വർഷം ടോൾ പ്ലാസയുടെ സ്ഥാനം അറിയിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിക്കുന്നതാണ്. അതൊരു വ്യവസ്ഥയാണ്. ടോൾ പ്ലാസയുടെ സ്ഥാനം അറിയിച്ചാൽ മാത്രമേ തുക ലഭിക്കുകയുള്ളൂ. അതൊരു നല്ല പദ്ധതിയാണ്. അതോടൊപ്പംതന്നെ പുതിയ മൂന്നാർ പാലം, അപ്രോച്ച് റോഡ് തുടങ്ങിയവയും 90 കോടി രൂപയുടെ വികസനം പൂർത്തിയാകുന്നതോടുകൂടി ബൈപ്പാസിന് തുല്യമായ ഗതാഗതസൗകര്യം ലഭിക്കുന്നതാണ്. ബൈപ്പാസിനുള്ള ശ്രമം തുടരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly